# കേരള സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ നടപടി ഉത്തരവ്

വിഷയം:- ജീവനക്കാര്യം - ഡ്രഗ്സ് കൺട്രോൾ വകുപ്പ് - ജൂനിയർ സൂപ്രണ്ട് - സ്റ്റോർ സൂപ്രണ്ട് (ഹെഡ് ക്ലാർക്ക്) തസ്തികളിലേക്ക് ഉദ്യോഗക്കയറ്റവും സ്ഥലം മാറ്റവും - ഉത്തരവ് പുറപ്പെടുവിക്കുന്നത - സംബന്ധിച്ച്

ഉത്തരവ് നം.. ഇ1. 27/2014/ഡി.സി തിരുവനന്തപുരം-695 035 തീയതി: 13/05/2014

പരാമർശം:- 2014 ഫെബ്രൂവരി 18 ലെ കോഴിക്കോട് അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറു ഇ-മെയിൽ സന്ദേശം.

## ഉത്തരവ്

കോഴിക്കോട് അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ ആഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.എൻ.പി.ദിനേശ്ബാബു പരാമർശം (1) പ്രകാരം 12/02/2014-ൽ മരണപ്പെട്ടതിനെ തുടർന്നുണ്ടായ ജൂനിയർ സൂപ്രണ്ട്, സ്റ്റോർ സൂപ്രണ്ട് തസ്തിക ഒഴിവുകളിലേക്ക് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ താഴെപ്പറയുന്ന ജീവനക്കാർക്ക് അവരുടെ പേരിനോടൊപ്പം ചേർത്തിട്ടുള്ള തസ്തികകളിലേക്ക്/ആഫീസുകളിലേക്ക് - സ്ഥാനക്കയറ്റം/സ്ഥലംമാറ്റം നൽകി കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം. | സ്ഥാനക്കയറ്റം ലഭിച്ചയാളിന്റെ പേര്, തസ്തിക, ആഫീസ് എന്നിവ | സ്ഥാനക്കയറ്റം നൽകുന്ന തസ്തിക,ശമ്പള സ്കെയിൽ | നിയമനം നൽകുന്ന ആഫീസ് |
|---|---|---|---|
| 1 | ശ്രീമതി. പി.എൻ.ബീനാകുമാരി<br>സ്റ്റോർ സൂപ്രണ്ട്,<br>റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, എറണാകുളം | ജൂനീയർ സൂപ്രണ്ട്<br>(16180-29180) | അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, കോഴിക്കോട് |
| 2 | ശ്രീ.പി,തമ്പാൻ,<br>സീനിയർ ക്ലാർക്ക് (ഹ.ഗ്രേഡ്)<br>അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, കണ്ണൂർ | സ്റ്റോർ സൂപ്രണ്ട്,<br>(14620-25280) | റീജിയണൽഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, എറണാകുളം |

ശ്രീമതി.പി.എൻ.ബീനാകുമാരിയുടെ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ നീരിക്ഷണ കാലയളവ് തുടർച്ചയായ രണ്ട് വർഷത്തിനുള്ളിൽ ഒരു വർഷത്തെ യഥാർത്ഥ ഡ്യൂട്ടിയായിരിക്കും. പ്രസ്തുത തസ്തികയിലെ ശമ്പളം കേരള സർവ്വീസ് (ചട്ടം പാർട്ട് 1) 28എ പ്രകാരം ടിയാൾ ഒരു മാസത്തിനകത്ത് സമർപ്പിക്കുന്ന ഓപ്ഷൻ പ്രകാരം പുനർനിർണ്ണയം നടത്തേണ്ടതാണ്.

ശ്രീമതി. പി.എൻ.ബീനാകുമാരിയ്ക്ക് ജൂനിയർ സുപ്രണ്ടായി സ്ഥാനക്കയറ്റം നൽകുന്ന ഈ ഉത്തരവ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ W.P.C. No.670/2006 (O.P.LKAT) No.124/2014 തീരുമാനത്തിന വിധേയമായിരിക്കും.

ഒപ്പ്
പി.ഹരിപ്രസാദ്
ഡ്രഗ്സ് കൺട്രോളർ

1. ശ്രീമതി. പി.എൻ.ബിനകുമാരി
   സ്റ്റോർ സൂപ്രണ്ട്,
   റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി,
   എറണാകുളം.
2. ശ്രീ.പി,തമ്പാൻ,
   സീനിയർ ക്ലാർക്ക് (ഹ.ഗ്രേഡ്)
   അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ
   കാര്യാലയം, കണ്ണൂർ

പകർപ്പ്:-

1. ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ- I & II.
2. അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ, കോഴിക്കോട്/കണ്ണൂർ
3. ഗവൺമെന്റ് അനലിസ്റ്റ്, ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, എറണാകുളം.
4. സീനയർ സൂപ്രണ്ട്, 5. സ്റ്റോക്ക് ഫയൽ, 6. ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സീനിയർ സുപ്രണ്ട്.

# കേരള സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ നടപടി ഉത്തരവ്

വിഷയം:- ജീവനക്കാര്യം - ഡ്രഗ്സ് കൺട്രോൾ വകുപ്പ് - സീനിയർ ക്ലാർക്ക് തസ്തിക യിലേക്ക് ഉദ്യോഗക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

ഉത്തരവ് നം.. ഇ1. 27/2014/ഡി.സി തിരുവനന്തപുരം-695 035 തീയതി: 13/05/2014

പരാമർശം:- 1. ഗവൺമെന്റ് ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പിന്റെ അബ്സ്ട്രാക്ട് ജി.ഒ.(എംഎസ്) നം.430/2013/ആ.കു.വ തീയതി:29/10/2013.
2. ഡ്രഗ്സ് കൺട്രോളറുടെ നടപടി ഉത്തരവ് നം. ഇ1.27/2014/ഡി.സി തീയതി 23/04/2014.
3. ഡ്രഗ്സ് കൺട്രോളറുടെ നടപടി ഉത്തരവ് നം.ഇ1.27/2014/ഡി.സി തീയതിഛ 13/05/2014.

## ഉത്തരവ്

(1) എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിൽ പരാമർശം (1) ഉത്തരവ് പ്രകാരം ഒരു ക്ലാർക്ക് ഒരു സാമ്പിൾ വാർഡൻ (സീനിയർ ക്ലാർക്ക്) എന്നീ 2 തസ്തികകൾ ഗവൺമെന്റ് അനുവദിച്ചതിനാൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ക്ലാർക്ക്, സീനിയർ ക്ലാർക്ക്, സാമ്പിൾ വാർഡൻ തസ്തികകൾ 1:1 അനുപാത പ്രകാരം പുന:ക്രമിക്കേണ്ടതാകുന്നു. ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ 41 ക്ലാർക്ക്, 41 സീനിയർ ക്ലാർക്ക്, 1 സാമ്പിൾ വാർഡൻ എന്നിവ ചേർത്ത് മൊത്തം 83 ക്ലറിക്കൽ തസ്തികകളാണ് നിലവിൽ ഉള്ളത്. മൊത്തം ക്ലാർക്ക് തസ്തികകൾ 85 ആയി വർദ്ധി ച്ചതിനെ തുടർന്ന് തസ്തിക അനുപാതം 1:1 പ്രകാരം പുന:ക്രമീകരിക്കേണ്ടതിനാൽ ഒരു ക്ലാർക്കിനെ സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിന ഉത്തരവാകേണ്ടതാകുന്നു.

(2) കൊല്ലം അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോൾ ആഫീസിലെ സീനിയർ ക്ലാർക്ക് (ഹയർഗ്രേഡ്) ശ്രീ.ആന്റണി വിൽഫ്രഡിനെ സ്റ്റോർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിൽ പരാമർശം (2) ഉത്തരവ് പ്രകാരം നിയമിച്ചിരുന്നു. പ്രസ്തുത നിയമനത്തെ തുടർന്നുണ്ടായ സീനിയർ ക്ലാർക്ക് ഒഴിവിലേക്ക് ഒരു ക്ലാർക്കിന സ്ഥാനക്കയറ്റം നൽകി ഉത്തരവാകേണ്ടതാകുന്നു.

(3) കണ്ണൂർ അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോൾ ഓഫീസിലെ സീനിയർ ക്ലാർക്ക് (ഹയർ ഗ്രേഡ്) ശ്രീ.പി.തമ്പാനെ സ്റ്റോർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിൽ പരമാർശം (3) ഉത്തരവ് പ്രകാരം നിയമിച്ചിരുന്നു. ആയതിനെ തുടർന്നുണ്ടായ സീനിയർ ക്ലാർക്കിന്റെ ഒഴിവിൽ ഒരു ക്ലാർക്കിനെ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിന ഉത്തരവാകേണ്ടതാകുന്നു.

മേൽപറഞ്ഞ പാര (1), പാര (2), പാര (3) എന്നിവകളിൽ വിശദമാക്കിയിരി ക്കുന്ന 3 സീനിയർ ക്ലാർക്ക് ഒഴിവുകളിലേക്ക് വകുപ്പിലെ ഏറ്റവും സീനിയറായ 3 ക്ലാർക്കുമാരെ മുൻഗണനാക്രമത്തിൽ താഴെപറയും പ്രകാരം അവരവരുടെ പേരിനോ ടൊപ്പം ചേർത്തിട്ടുള്ള ആഫീസുകളിലേക്ക് സീനിയർ ക്ലാർക്കുമാരായി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | സ്ഥാനക്കയറ്റം ലഭിച്ചയാളിന്റെ പേര്, തസ്തിക, ആഫീസ് എന്നിവ | സ്ഥാനക്കയറ്റം നൽകുന്ന തസ്തിക,ശമ്പള സ്കെയിൽ | നിയമനം നൽകുന്ന ആഫീസ് |
|---|---|---|---|
| 1 | ശ്രീ.റ്റി.രാജേഷ്, ക്ലാർക്ക് (ഹ.ഗ്രേഡ്), അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, തൃശ്ശൂർ | സീനിയർ ക്ലാർക്ക് (13210-22360) | അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, തൃശ്ശൂർ |
| 2 | ശ്രീ.എൽ.സന്തോഷ്കുമാർ ക്ലാർക്ക് (ഹ.ഗ്രേഡ്), ആയൂർവ്വേദ ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം, കൊല്ലം | സീനിയർ ക്ലാർക്ക് (13210-22360) | ആയൂർവ്വേദ ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം, കൊല്ലം |
| 3 | ശ്രീമതി.കെ.ലത, ക്ലാർക്ക് (ഹ.ഗ്രേഡ്) (അന്യത്ര സേവനം, സർവ്വശിക്ഷ അഭയാൻ, കോഴിക്കോട്) | സീനിയർ ക്ലാർക്ക് (13210-22360) | സർവ്വശിക്ഷ അഭയാൻ, കോഴിക്കോട് ആഫീസിൽ അന്യത്ര സേവനത്തിൽ തുടരാൻ അനുമതി നൽകുന്നു |
| 4 | ശ്രീമതി.ഷീബ നായർ.എസ്.ജെ, ക്ലാർക്ക് (ഹ.ഗ്രേഡ്), ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, തിരുവനന്തപുരം | സീനിയർ ക്ലാർക്ക് (13210-22360) | ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, തിരുവനന്തപുരം |

സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി.കെ.ലത അന്യത്ര സേവനത്തിലായതിനാൽ ഉണ്ടായ ഒഴിവിലേക്ക് മേൽപ്പറഞ്ഞ ക്രമനമ്പർ (4) പ്രകാരം വകുപ്പിലെ അടുത്ത സീനിയറായ ക്ലാർക്ക് ശ്രീമതി.ഷീബ നായർ.എസ്.ജെ.യ്ക്ക് സീനിയർ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റ നിയമനം നൽകി ഉത്തരവാകുന്നു.

ശ്രീ.രാജേഷ്.ടി, ശ്രീ.എൽ.സന്തോഷ്കുമാർ, ശ്രീമതി.കെ.ലത, ശ്രീമതി. ഷീബ നായർ.എസ്.ജെ എന്നിവർക്ക് ക്ലാർക്ക് തസ്തികയിൽ ഹയർഗ്രേഡ് ലഭിച്ചതിനാൽ സീനിയർ ക്ലാർക്ക് ഉദ്യോഗക്കയറ്റത്തിന ശമ്പളം പുനർ നിർണ്ണയം ലഭിക്കുന്നതല്ല.

ഒപ്പ്
പി.ഹരിപ്രസാദ്
ഡ്രഗ്സ് കൺട്രോളർ

1. ശ്രീ.റ്റി.രാജേഷ്,,ക്ലാർക്ക് (ഹ.ഗ്രേഡ്), അസി. ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, തൃശ്ശൂർ
2. ശ്രീ.എൽ.സന്തോഷ്കുമാർ, ക്ലാർക്ക് (ഹ.ഗ്രേഡ്),
   ആയൂർവ്വേദ ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം, കൊല്ലം
3. ശ്രീമതി.കെ.ലത, ക്ലാർക്ക് (ഹ.ഗ്രേഡ്) (അന്യത്രസേവനം, സർവ്വശിക്ഷ അഭയാൻ, കോഴിക്കോട്)
4. ശ്രീമതി.ഷീബ നായർ.എസ്.ജെ,ക്ലാർക്ക് (ഹ.ഗ്രേഡ്),
   ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, തിരുവനന്തപുരം

പകർപ്പ്:-

1. ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ- I & II.
2. അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ, തൃശ്ശൂർ.
3. ആയൂർവേദ ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം, കൊല്ലം
4. സർവ്വശിക്ഷ അഭയാൻ, കോഴിക്കോട്
5. സീനിയർ സുപ്രണ്ട/ജൂനിയർ സൂപ്രണ്ട്.
6. സ്റ്റോക്ക് ഫയൽ, 7. ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സീനിയർ സുപ്രണ്ട്.

.